**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട** | **05.12.2018 ൽ**
**നിയമസഭാ ചോദ്യം നമ്പർ : 177** | **മറുപടിക്ക്**

## സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. പി.വി. അൻവർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ആധുനീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്മാർട്ട് പോലീസ് സ്റ്റേഷനുകളുടെ സവിശേഷതകൾ അറിയിക്കാമോ; | എ) ഈ വർഷത്തെ വാർഷിക പദ്ധതി പ്രകാരം 100 പോലീസ് സ്റ്റേഷനുകൾ തിരഞ്ഞെടുത്ത് SMART (S-Sensitive & Strict, M-Modern &Mobility, A-Alert & Accountable, R-Reliable & Responsive and T-Trained &Techno Savvy) ആക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br>പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് സ്റ്റേഷൻ ആക്കി മാറ്റുന്നതിലൂടെ പോലീസിന്റെ കാര്യക്ഷമത വർദ്ധിക്കുകയും, സി.സി.ടി.എൻ.എസ്. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യൽ, iAPS സംവിധാനം, കെട്ടിടങ്ങൾ, വാഹനങ്ങൾ, ഇ-മെയിൽ സംവിധാനം, പരാതികൾ സ്വീകരിക്കുന്നതിനും മറ്റും വെബ് പോർട്ടൽ സംവിധാനം, ആധുനിക ഉപകരണങ്ങൾ, കമ്പ്യൂട്ടറൈസേഷൻ എന്നീ സൗകര്യങ്ങൾ ഈ സ്റ്റേഷനുകളിൽ ലഭ്യമാകുന്നുണ്ട്. |
| ബി) സാങ്കേതിക മികവിലും ആശയവിനിമയ രംഗത്തും കേരള പോലീസിനെ നവീകരിക്കാൻ ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണ് ; | ബി) സാങ്കേതിക മികവിലും ആശയവിനിമയ രംഗത്തും കേരള പോലീസിനെ അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും ക്രമസമാധാനം നിലനിർത്തുന്നതിനും രക്ഷ, Know Your Police Station ആപ്ലിക്കേഷൻ, ട്രയൽ മോണിറ്ററിംഗ് ആപ്ലിക്കേഷൻ, വുമൺ |

| | | | |
|---|---|---|---|
| | | | സേഫ്റ്റി & എമർജൻസി റെസ്പോൺസ്, ഡയൽ 100, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആപ്ലിക്കേഷൻ, വിർച്വൽ പോലീസ് ഗൈഡ് ഫോർ പോലീസ് സർവ്വീസ്,തുണ,ശബരിമലദർശനത്തിനായി വിർച്വൽ ക്യൂ സിസ്റ്റം തുടങ്ങിയ മൊബൈൽ/വെബ് ആപ്ലിക്കേഷനുകൾ വികസിപ്പിച്ചിട്ടുണ്ട്.<br><br>ഫോൺ കോളുകൾ, എസ്.എം.എസ്, ഡാറ്റാ സർവ്വീസ് എന്നിവ നിയമപരമായി intercept ചെയ്യുന്നതിലേക്കായി സെൻട്രൽ മോണിറ്ററിംഗ് സിസ്റ്റം പ്രവർത്തന സജ്ജമായി വരുന്നു. നിലവിൽ അനലോഗ് സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ അത്യന്താധുനിക സാങ്കേതിക വിദ്യയിലൂന്നിയുള്ള ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | പോലീസ് സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ക്രമസമാധാന ചുമതലയും കുറ്റാന്വേഷണവും വേർതിരിക്കാനും കൂടുതൽ സബ് ഡിവിഷനുകൾ ആരംഭിക്കാനുമുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ ; | സി) | 21.10.2017 ലെ സ.ഉ.(കൈ)നം.211/2017/ ആഭ്യന്തരം ഉത്തരവ് പ്രകാരം ക്രമസമാധാന പരിപാലനവും കേസന്വേഷണവും വേർതിരിക്കുന്നതിന്റെ ഭാഗമായി ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. നിലവിൽ 7 പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി പ്രവർത്തിച്ചുവരുന്നവരുൾപ്പെടെ ആകെ 203 പോലീസ് സ്റ്റേഷനുകളിൽ ഇത് നടപ്പാക്കിയിട്ടുണ്ട്. തുടർന്ന് 268 പോലീസ് സ്റ്റേഷനുകളിൽ കൂടി ഇൻസ്പെകർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുവാൻ 29.09.2018 ലെ സ.ഉ. (കൈ) നം.150/2018/ ആഭ്യന്തരം ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പോലീസ് സബ്ഡിവിഷനുകളുടെ എണ്ണം കൂട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| ഡി) സ്ത്രീ സുരക്ഷയും വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും നടപ്പാക്കി വരുന്ന കാര്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ? | ഡി) സ്ത്രീകൾക്കെതിരെ കുറ്റകൃത്യങ്ങൾ തടയുവാൻ പിങ്ക് പട്രോൾ സംസ്ഥാനത്തെ കൊല്ലം റൂറൽ, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് റൂറൽ , വയനാട് ഒഴികെയുള്ള എല്ലാ പോലീസ് ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.<br><br>2018-19 വാർഷിക പദ്ധതിയിൽ ജൻഡർ അവേർനസ് & ജൻഡർ ഫ്രണ്ടിലി ഇൻഫ്രാസ്ട്രക്ചർ സ്കീമിൽ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും സെൽഫ് ഡിഫൻസ് പ്രോഗ്രാം & ട്രെയിനിംഗ്, ഫാമിലി & വുമൺ കൗൺസിലിംഗ് സെന്റർ, പിങ്ക് കൺട്രോൾ റൂം, വാഹനങ്ങൾ, നിർഭയ വോളണ്ടിയർമാർക്ക് പ്രതിഫലം തുടങ്ങിയവയ്ക്കായി 31.07.2018 ലെ സ.ഉ. (സാധാ) നം. 2240/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം 620 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചു വരുന്ന സൈബർ ക്രൈം പോലീസ് സ്റ്റേഷന് പുറമേ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് 17.04.2018 തീയതിയിലെ സ.ഉ. (കൈ) നം.68/2018/ ആഭ്യന്തരം ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ആദ്യമായി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിക്കുകയും ഇതിൽ ഒരു വനിതാ കമാൻഡോ പ്ലാറ്റൂണിന്റെ പരിശീലനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ